LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ലഹരി മരുന്നുകളുടെ ഉപയോഗം വർദ്ധിക്കുന്നതായുള്ള റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതിയിലൂടെ വിദ്യാർത്ഥികളെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മദ്യം, പുകയില, മയക്കുമരുന്നുകൾ എന്നിവയുടെ ദൂഷ്യഫലങ്ങൾ വ്യക്തമാക്കിക്കൊണ്ടുള്ള എക്സിബിഷനുകൾ ബോധവൽക്കരണ ക്ലാസുകൾ, ലഘുലേഖകളുടെ വിതരണം എന്നിവ സ്കൂളുകളിലും കോളേജുകളിലും ഫീൽഡുതലത്തിലും ആരോഗ്യ വകുപ്പിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) കേന്ദ്ര നിയമം ആയതിനാൽ NDPS ആക്ട് ഭേദഗതി ചെയ്യേണ്ടത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് നികുതി വകുപ്പിന് ശിപാർശ ലഭ്യമായിട്ടുണ്ട്.

(സി) മയക്കുമരുന്ന് കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സംവിധാനം എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തിവരുന്നു.

**പോളി ക്ലിനിക്കുകൾ**

306 (330) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമാണ്;

(ബി) തിരൂരങ്ങാടി താലൂക്കിൽ പോളിക്ലിനിക്കില്ലാത്ത അവസ്ഥ സർക്കാരിന്റെ അറിവിലുണ്ടോ;

(സി) ഇവിടെ പോളി ക്ലിനിക്ക് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ പോളി ക്ലിനിക്കുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ ഇപ്പോൾ നിലവിലില്ല.

(ബി&സി) ബാധകമല്ല.

**പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കൽ**

307 (331) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭാ നിയോജക മണ്ഡലത്തിലെ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബക്ഷേമ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) കുടുംബക്ഷേമ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഇ-ഹെൽത്ത് പദ്ധതി എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ അസംബ്ലി മണ്ഡലം/വികസന ബ്ലോക്കുകളിൽ ഒരു പ്രാഥമികാരോഗ്യ കേന്ദ്രം വീതം ഒന്നാംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ട്.

(ബി) കേരള സർക്കാർ പ്രഖ്യാപിച്ച ആർദ്രം മിഷനിൽ ഘട്ടംഘട്ടമായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ പരിചരണത്തിന്റെ പ്രധാന ഘടകമായ പി.എച്ച്.സി.-കളും ഉപകേന്ദ്രങ്ങളും രോഗാതുരതയിലുണ്ടായ മാറ്റത്തിനും ജനങ്ങളുടെ ആരോഗ്യ ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും വിപുലപ്പെടുത്തും. മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ച വ്യാധി പ്രതിരോദത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെ ജീവിതശൈലീരോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നതിനുമായി അവയെ മാറ്റുന്നതാണ്. കുടുംബ ഡോക്ടർ തലത്തിലേക്ക് ഈ മേഖലയിൽ ഡോക്ടർമാരെ മാറ്റുന്നതിനും അവരുടെ കഴിവും അറിവും വർദ്ധിപ്പിക്കുന്നതിനുമായി പരിശീലനങ്ങളും കോഴ്സുകളും നടത്തുന്നതാണ്. ഈ സെന്ററുകളിൽ ലാബ് സൗകര്യങ്ങളും സജ്ജമാക്കും. ആരോഗ്യ പരിചരണം, കൗൺസിലിംഗ് എന്നിവയിൽ കുറച്ചുകൂടി ഉയർന്ന തോതിലുള്ള ഇടപെടലും ലക്ഷ്യമിടുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ**

308 (332) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തുന്നത് എന്ന് അറിയിക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വെങ്കിടങ്ങ് (പാടൂർ) പ്രാഥമിക ആരോഗ്യ കേന്ദ്രത്തെയാണ് കുടുംബരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ആദ്യഘട്ടത്തിൽ പരിഗണിച്ചിരിക്കുന്നത്.

(ബി) ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നിവരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly